**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4172** **18-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി എത്ര തുക സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; | (എ) | കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നത്. നിലവിൽ, 88,070 കോടി രൂപയുടെ 1156 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ആവശ്യമായ തുക മുഴുവൻ ഒരുമിച്ച് സമാഹരിക്കുന്നതിനു പകരം, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത്, കാലാകാലങ്ങളിൽ ആവശ്യമായ തുക നിശ്ചയിച്ച്, സമയബന്ധിതമായി സമാഹരിക്കുന്ന രീതിയാണ് കിഫ്ബി അവലംബിച്ചുവരുന്നത്. നാളിതുവരെ 32,285.05 കോടി രൂപ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ഇതിൽ 26,578.58 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് സമാഹരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ കിഫ്ബി വഴി എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര തുകയുടെ ഭരണാനുമതികൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും നിലവിൽ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ അവശേഷിക്കുന്നതെന്നും വിശദമാക്കുമോ? | (ബി) | ഈ സർക്കാരിന്റെ കാലത്തുൾപ്പടെ എല്ലാ ബഡ്ജറ്റ് പ്രസംഗങ്ങളിലുമായി കിഫ്ബി വഴി ഏകദേശം 95,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതികളൊന്നും തന്നെ റദ്ദ് ചെയ്തിട്ടുള്ളതായ വിവരം ലഭ്യമല്ല. ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ 19,249.24 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയും 2025 ഡിസംബറിനകം 12,500 കോടി രൂപയുടെ പദ്ധതികൾ കൂടി പൂർത്തീകരിക്കുവാനും കിഫ്ബി ലക്ഷ്യമിടുന്നു. അതോടെ ഏകദേശം 32,000 കോടി രൂപയുടെ പദ്ധതി പൂർത്തീകരണം കിഫ്ബി മുഖേന സാധ്യമാകും. നിലവിൽ ഏകദേശം 24,000 കോടി രൂപയുടെ പദ്ധതികളാണ് നടന്നുവരുന്നത്. 2026 ഫെബ്രുവരിയ്ക്ക് മുൻപ് ആകെ 15,000 കോടി രൂപയുടെ പദ്ധതികൾ കൂടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതി നിർവഹണ ഏജൻസികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ